


ഫോട്ടോ : ഗിരീഷ്, മാതൃഭൂമി

# ഉണർന്നുവരുന്ന ജനശക്തിക്കുമുമ്പിൽ മൂലധനശക്തികൾ മുട്ടുമടക്കും: വിളയോടി വേണുഗോപാൽ

മാർച്ച് 10ന് പ്ലാച്ചിമട കൊക്കക്കോള വിരുദ്ധസമിതി കാസർഗോഡുനിന്ന് ആരംഭിച്ച ജനകീയ ജലാധികാരയാത്ര ഈ സെക്രട്ടറിയേറ്റ്മാർച്ചോടെ സമാപിക്കുകയാണ്. ഇതുപൊലൊരു യാത്ര സംഘടിപ്പിക്കേണ്ടി വന്ന പശ്ചാത്തലം മിക്കവർക്കും അറിയാവുന്നതാണ്. അഞ്ചുവർഷത്തോളമായി തുടരുന്ന പ്ലാച്ചിമടയിലെ കൊക്കക്കോള വിരുദ്ധസമരം ഉന്നയിക്കുന്ന ആവശ്യങ്ങൾ അംഗീകരിച്ച് നടപടികൾ എടുക്കാൻ സർക്കാരിനുമേൽ ജനകീയ സമ്മർദ്ദം ഉയർത്തികൊണ്ടുവരുന്നതിനും, അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾ തങ്ങളുടെ ജീവിതം ദുരിതത്തിലാഴ്ത്തിയ ഒരു ബഹുരാഷ്ട്ര ഭീമനെതിരെ നടത്തുന്ന സന്ധിയില്ലാസമരത്തിന്റെ രാഷ്ട്രീയവും, സാമ്രാജ്യത്വ വിരുദ്ധമാനങ്ങളും ജനങ്ങളുടെ ഇടയിൽ വിശദീകരിക്കുന്നതിനുമാണ് ഈ യാത്ര സംഘടിപ്പിച്ചിട്ടുള്ളത്. പ്ലാച്ചിമട സമരത്തെ കേന്ദ്രീകരിച്ചാണ് യാത്ര സംഘടിപ്പിക്കപ്പെട്ടതെങ്കിലും, മണ്ണ്, ജലം, വായു തുടങ്ങിയ അടിസ്ഥാന വിഭവങ്ങളുടെമേൽ ലാഭ താൽപര്യങ്ങളുടെയും വികസനത്തിന്റെയും പേരിൽ അവകാശം നിഷേധിക്കപ്പെട്ട വിവിധ ജനവിഭാഗങ്ങൾ കേരളത്തിന്റെ പല മേഖലകളിലും നടത്തിവരുന്ന സമരങ്ങൾക്ക് അഭിവാദ്യം അർപ്പിച്ചുകൊണ്ടും അവരുടെ സമരവീര്യം ഏറ്റുവാങ്ങിക്കൊണ്ടുമാണ് ഈ യാത്ര കേരളത്തിന്റെ ഭരണസിരാകേന്ദ്രത്തിലെത്തിയിട്ടുള്ളത്. എൻഡോസൾഫാൻ ദുരിത ബാധിത മേഖലയിൽനിന്നാരംഭിച്ച ജനകീയ ജനാധികാര യാത്ര കാസറഗോഡ് മൂന്നാംകടവ് പദ്ധതിക്കെതിരെ നടക്കുന്ന സമരമേഖലകളിലും, കണ്ണൂർ ജില്ലയിലെ കക്കാട് പദ്ധതി മുലമുള്ള പ്രശ്ന ബാധിത മേഖലകളിലും കാടാപള്ളി പുഴമലിനീകരണത്തിനുമെതിരെ നടക്കുന്ന സമരരംഗത്തും ആദിവാസികളുടെ ഭൂമി വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കത്തിനിൽക്കുന്ന ആറളം ഫാമിലും വയനാട് ജില്ലയിലെ കർഷക സമരഭൂമിയിലും, പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് മേഖലയിലെ ഇരുമ്പുരുക്ക് ഫാക്ടറി നടത്തുന്ന മലിനീകരണത്തിനെതിരെ നടന്നു വരുന്ന സമരങ്ങളിലും തൃശൂർ ജില്ലയിലെ കൈനൂർ പന്നിവളർത്തൽ കേന്ദ്രത്തിനെതിരെ നടക്കുന്ന സമരമുഖത്തും മുരിയാട് കായൽ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പോരാട്ട വേദിയിലും ചാലക്കുടിയിലെ അതിരപ്പിള്ളിക്കെതിരെയുള്ള സമരമുഖത്തും എറണാകുളം ജില്ലയിലെ വടുതലയിൽ കുടിയൊഴിപ്പിക്കലിനെതിരെ നടക്കുന്ന സമരഭൂമിയിലും കരിമുകൾ മലിനീകരണ വിരുദ്ധ സമരരംഗത്തും, ഇലഞ്ഞിയിലെ കൂരുമല പാറമണൽ ഫാക്ടറിക്കെതിരെ നടക്കുന്ന സമരവേദിയിലും ഇടുക്കി ജില്ലയിലെ മുതലക്കോടത്ത് വയൽ നികത്തിലനെതിരെ നടക്കുന്ന സമരത്തിലും മുല്ലപ്പെരിയാർ സമരത്തിലും, കോട്ടയം ജില്ലയിലെ തമ്പലക്കാട് റബ്ബർ ഫാക്ടറിയുടെ മലിനീകരണത്തിനെതിരെ നടക്കുന്ന സമരരംഗത്തും മീനച്ചിലാർ സംരക്ഷണത്തിനായി നടക്കുന്ന പോരാട്ടത്തിലും മറ്റു ജില്ലകളിലെ സമാനങ്ങളായ നിരവധി സമരരംഗങ്ങളിലും പര്യടനം നടത്തിയാണ് യാത്ര ഇവിടെ എത്തിയിട്ടുള്ളത്. ഈ പര്യടനങ്ങൾക്കിടയിൽ ഞങ്ങൾക്ക് ബോധ്യപ്പെട്ട സുപ്രധാനമായ കാര്യം വിവിധ പ്രദേശങ്ങളിൽ സാധാരണ ജനങ്ങൾക്ക് അവകാശപ്പെട്ട അടിസ്ഥാന പ്രകൃതി വിഭവങ്ങൾ അവർക്ക് നിഷേധിക്കപ്പെടുന്ന പ്രവണത വ്യാപകമാകുന്നു എന്നതും അങ്ങനെ സംഭവിക്കുന്നത് വികസനത്തിന്റെ പേരിലാണെന്നതും ഇത്തരം വികസനത്തിന്റെ പേരിൽ സ്വദേശത്തും വിദേശത്തുമുള്ള മൂലധന ശക്തികളും സർക്കാർ സംവിധാനങ്ങളും എല്ലാം ജനവിരുദ്ധ പക്ഷത്ത് നിലയുറപ്പിച്ചിരിക്കുന്നു എന്നതുമാണ്. ഇത്തരം പ്രവണതകളുടെ പശ്ചാത്തലത്തിലുള്ള സമരങ്ങളെല്ലാം ഒരേ ദിശയിലേക്ക് വിരൽ ചൂണ്ടുന്നവയാണെന്നും പരസ്പരം സഹകരിച്ചും ശക്തിപ്പെടുത്തികൊണ്ടും മാത്രമേ ഇത്തരം സമര

ങ്ങൾക്ക് മുന്നോട്ടു നീങ്ങാനാവൂ എന്നും ഉള്ള തിരിച്ചറിവ് ഈ യാത്ര വഴി ലഭിച്ചിട്ടുണ്ട്.

പ്രകൃതിവിഭവങ്ങളുടെ മേൽ തദ്ദേശീയ ജനതയ്ക്ക് അധികാരം ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള പുതിയ രാഷ്ട്രീയ പോരാട്ടങ്ങളുടെ തലത്തിലേക്ക് ഈ സമരങ്ങളെ വികസിപ്പിക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ചും ഞങ്ങൾക്ക് ഇപ്പോൾ തികഞ്ഞ ബോധ്യമുണ്ട്. ഇത്തരമൊരു ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് യാത്ര സുപ്രധാനമായ മൂന്ന് ആവശ്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് സംഘടിപ്പിച്ചത്.

പ്ലാച്ചിമടയുടെ ആവാസ വ്യവസ്ഥയെ നശിപ്പിക്കുന്ന കൊക്കക്കോള കമ്പനിയിൽനിന്ന് നഷ്ടപരിഹാരം ഈടാക്കി തദ്ദേശവാസികൾക്ക് നൽകി. കോളാ കമ്പനി സ്ഥിരമായി അടച്ചുപൂട്ടുകയെന്നതാണ് ഒന്നാമത്തെ ആവശ്യം. പ്ലാച്ചിമടയെ വിഷമയമാക്കിയ കൊക്കക്കോള കമ്പനിയെ കുറ്റവിചാരണ ചെയ്യുകയെന്നതാണ് ജനകീയ ജനാധികാര യാത്ര ഉന്നയിക്കുന്ന രണ്ടാമത്തെ ആവശ്യം. ജലം പോലുള്ള പ്രകൃതി വിഭവങ്ങളുടെ സംരക്ഷണ കാര്യത്തിൽ ഗ്രാമസഭകൾക്ക് പമാധികാരം നൽകുന്ന വിധത്തിൽ പഞ്ചായത്തീരാജ് നിയമത്തിലും ജലമലിനീകരണ നിയന്ത്രണനിയമത്തിലും ഭേദഗതികൾ വരുത്തണം എന്നതാണ് മൂന്നാമത്തെ ആവശ്യം.

മേൽസൂചിപ്പിച്ച ആവശ്യങ്ങളോടുള്ള ഔദ്യോഗിക നിലപാട് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് രാഷ്ട്രീയ കക്ഷികൾക്ക് യാത്രയുടെ ഭാഗമായി ഒരു തുറന്ന കത്ത് നല്കുകയും ഇത്തരം പ്രശ്നങ്ങളിൽ രാഷ്ട്രീയ കക്ഷികളുമായി നിലപാടുകളെ അടിസ്ഥാനമാക്കിയുള്ള സംവാദങ്ങൾക്ക് തുടക്കം കുറിക്കുകയും ഉണ്ടായി. തുറന്ന കത്തിലുന്നയിച്ച കാര്യങ്ങളോട് അനുകൂല നിലപാടുകളെടുത്തുകൊണ്ട് ചില രാഷ്ട്രീയ കക്ഷി പ്രതിനിധികൾ ഇതിനോടകം പ്രതികരിച്ചു കഴിഞ്ഞു എന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഈവിധത്തിൽ ജനകീയ ജലാധികാരയാത്ര പ്ലാച്ചിമട സമരത്തെ സാധാരണ സമരങ്ങളിൽ നിന്നും വ്യത്യസ്തമായ തലത്തിലേക്ക് വളർത്തുന്നതിന് നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്.

പ്ലാച്ചിമട സമരം ഉന്നയിച്ചുവരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഗൗരവമാർന്ന നടപടികൾ സ്വീകരിക്കാൻ ഇനിയും കൂട്ടാക്കാത്ത കേരള സർക്കാരിനോടുള്ള ശക്തമായ പ്രതിഷേധം ഞങ്ങൾ ഇവിടെ പ്രകടിപ്പിക്കുന്നു. കൊക്കക്കോളയെന്ന ബഹുരാഷ്ട്ര ഭീമനെതിരെ ജനപക്ഷത്ത് നിന്നുകൊണ്ട് തികഞ്ഞ ദിശാബോധത്തോടെയും രാഷ്ട്രീയ ഇച്ഛാശക്തിയോടെയും നടപടികൾ സ്വീകരിക്കാനുള്ള ആർജ്ജവം പ്രകടിപ്പിക്കാൻ സർക്കാർ സന്നദ്ധമാകുമെന്ന പ്രതീക്ഷ ഞങ്ങൾ ഇനിയും കൈവെടിഞ്ഞിട്ടില്ല. എന്നാൽ സർക്കാരിൽ അന്ധമായി വിശ്വാസം അർപ്പിച്ചുകൊണ്ട് മൃദുവായ സമരങ്ങളുമായി ഇനിയും മുന്നോട്ടുപോകാൻ ഞങ്ങൾ സന്നദ്ധമല്ലെന്നത് ഇവിടെ വ്യക്തമാക്കുന്നു. ഈ സാഹചര്യത്തിൽ സമരം കൂടുതൽ ശക്തിപ്പെടുത്താൻ ഞങ്ങൾ തീരുമാനം എടുത്തുകഴിഞ്ഞു. പ്ലാച്ചിമട സമരം ആരംഭിച്ചിട്ട് 5 വർഷം പൂർത്തിയാകുന്ന ഏപ്രിൽ 22 മുതൽ ഇതുവരെ തുടർന്നുവന്ന സമരരൂപം ഞങ്ങൾ മാറ്റുകയാണ്. 24 മണിക്കൂർ വീതമുള്ള റിലേ ഉപവാസ സത്യാഗ്രമായി സമരം മറ്റൊരു ഘട്ടത്തിലക്ക് അഞ്ചാം വാർഷിക ദിനത്തിൽ വികസിപ്പിക്കുകയാണ്. മാത്രവുമല്ല സമരസമിതി ഉന്നയിച്ചിരിക്കുന്ന പ്രശ്നങ്ങൾക്ക് അടുത്ത ആഗസ്റ്റ് 15 നകം പരിഹാരം ഉണ്ടായില്ലെങ്കിൽ സമരസമിതി ചെയർമാൻ എന്ന നിലയിൽ ഞാൻ പ്ലാച്ചിമടയിൽ അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം അനുഷ്ഠിക്കുമെന്ന തീരുമാനവും ഇവിടെ പ്രഖ്യാപിക്കുന്നു.

വരും നാളുകളിൽ കൂടുതൽ തീവ്രമായ സമരങ്ങൾക്കായി ഞങ്ങൾ മാനസികമായി തയ്യാറെടുത്തു കഴിഞ്ഞു. മറ്റു തയ്യാറെടുപ്പുകൾ ഇനിയുള്ള ദിവസങ്ങളിൽ നടക്കും. 5 വർഷമായി പ്ലാച്ചിമടയിലെ സാധാരണക്കാരായ ജനങ്ങൾ നടത്തിവന്ന സമരത്തെ പിൻതുണച്ച കേരളത്തിന് അകത്തും പുറത്തുമുള്ള മുഴുവൻ ആളുകളുടെയും സഹായസഹകരണങ്ങൾ ഈ അവസരത്തിൽ നന്ദിയോടെ ഞങ്ങൾ എടുത്തു പറയുന്നു. അവരിൽനിന്നും ഇനിയുള്ള സമരങ്ങൾക്കും വമ്പിച്ച സഹായസഹകരണങ്ങൾ ഞങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്. സമരസമിതിയുടെ പ്രവർത്തനങ്ങളിലെ എല്ലാ പരിമിതികളേയും പോരായ്മകളെയും സഹാനുഭൂതിയോടെ നോക്കിക്കാണണമെന്നും വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു. പ്ലാച്ചിമട സമരത്തിന്റെ ചരിത്രത്തിൽ ഏറെ പ്രാധാന്യമുള്ള ഈ ജനകീയ ജലാധികാര യാത്രയുടെ സംഘാടനത്തിൽ പങ്കാളികളായ മുഴുവൻ ആളുകൾക്കും ഈ അവസരത്തിൽ കൃതജ്ഞത പ്രകടിപ്പിക്കുന്നു. ഏറെ കഷ്ടപാടുകൾ നിറഞ്ഞ ഈ യാത്രയിൽ പങ്കെടുത്ത സമരസമിതിയുടെ പ്രവർത്തനങ്ങളിലെ എല്ലാ പരിമിതികളേയും പോരായ്മകളെയും സഹാനുഭൂതിയോടെ നോക്കിക്കാണണമെന്നും വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

ഈ യാത്രയിൽ പങ്കെടുത്ത സമരസമിതിയിലെയും വിവിധ സാമൂഹ്യ സംഘടനകളിലെയും പ്രവർത്തകരുടെ ത്യാഗത്തെ ഞാൻ സ്മരിക്കുന്നു. ഈ യാത്രയ്ക്ക് ജനശ്രദ്ധ നേടിയെടുക്കുന്നതിൽ വലിയ പങ്കുവഹിച്ച തിരുവല്ലാ ഡൈനാമിക് ആക്ഷൻ ഗായക സംഘത്തിനും പ്രത്യേകം നന്ദി പറയാൻ ഞാനീ അവസരം വിനിയോഗിക്കുന്നു.

ഉണർന്നുവരുന്ന ജനശക്തിക്കു മുന്നിൽ മുട്ടുമടക്കാൻ മൂലധന ശക്തികളും ഭരണകൂട ശക്തികളും നിർബന്ധിതമാകുന്ന നാളുകളാണ് ഇനി വരാൻ പോകുന്നതെന്ന ഉറച്ച വിശ്വാസത്തോടെയും പ്രത്യാശയോടെയും ഉപസംഹരിക്കുന്നു.

(ജനകീയ ജനാധികാര യാത്രയുടെ സമാപനത്തോടനുബന്ധിച്ച് ഏപ്രിൽ നാലിന് തിരുവനന്തപുരത്ത് സംഘടിപ്പിച്ച സെക്രട്ടറിയേറ്റ് മാർച്ചിൽ പ്ലാച്ചിമട കൊക്കക്കോള വിരുദ്ധ സമരസമിതി ചെയർമാൻ വിളയോടി വേണുഗോപാൽ നടത്തിയ പ്രസംഗം)

*സമരപന്തൽ, കൊക്കകോള വിരുദ്ധ*
*സമരസമിതി, കന്നിമാരി പി.ഒ., പാലക്കാട്*

With best compliments from
CENTRE FOR
POST GRADUATE STUDIES
P.G. Centre
North Bus Stand, Thrissur-20. Ph : 2338983, 6950675
e-mail : trc_postgrad@sancharnet.in.